**തിരുവനന്തപുരം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം.**
**(ഹാജർ: ജോർജ്ജ് മാത്യു)**

നം. ഇ.ഇ 3/4630/12.

തീയതി : 05.08.2013.

വിഷയം:- വ്യവസായം-ജീവനക്കാര്യം-01.01.2010 മുതൽ 31.12.2010 വരെയുള്ള സീനിയർ ക്ലാർക്കുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ശ്രീ.ജെയിംസ്.എം.വി, ശ്രീ.പ്രദീപ്.പി.എസ്, ശ്രീമതി.വി.കെ.ബിനുഗോപാൽ. എന്നിവരെ ഉൾപ്പെടുത്തുന്നത് -സംബന്ധിച്ച്.

പരാമർശം : - 1. വ്യവസായ വാണിജ്യ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 30.11.2011-ലെ ഇഇ3/8371/11-ാം നമ്പർ നടപടിക്രമം.
2. 25.02.2012 ലെ ആലപ്പുഴ പ്രോജക്റ്റ് ഓഫീസറുടെ എ1/419/12-ാം നമ്പർ കത്ത്.
3. 19.06.2012 ലെ പാലക്കാട് ജനറൽമാനേജറുടെ എ1/2706/12-ാം നമ്പർ കത്ത്.
4. 26.04.2013 ലെ എറണാകുളം ജനറൽ മാനേജരുടെ എ3/2261/13-ാം നമ്പർ കത്ത്.
5. ഈ ഓഫീസിൽ നിന്നുള്ള 27.03.2012, 02.05.2012 ലെ ഇതേ നമ്പർ കത്ത്.
6. 21.08.2012 ലെ 19198/എ2/2012/വ്യവ നമ്പർ സർക്കാർ കത്ത്.

01.01.2010 മുതൽ 31.12.2010 വരെയുള്ള കാലയളവിലെ സീനിയർ ക്ലർക്കുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രത്തിലെ സീനിയർ ക്ലർക്കായ ശ്രീ.ജെയിംസ്.എം.വി പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രത്തിലെ സീനിയർ ക്ലർക്കായ ശ്രീ.വി.കെ.ബിനുഗോപാൽ, എറണാകുളം ജില്ലാ വ്യവസായ കേന്ദ്രത്തിലെ സീനിയർ ക്ലർക്കായ ശ്രീ.പ്രദീപ്.പി.എസ് എന്നിവർ 2010 ലെ സീനിയർ ക്ലർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലെന്നും, ടിയാളുകളെ ഉൾപ്പെടുത്തണമെന്നും, സൂചന (2), (3), (4) കത്തുകൾ പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു. അനുബന്ധ രേഖകകൾ പരിശോധിച്ചതിൽ നിന്നും, ശ്രീ.ജെയിംസ്.എം.വി-യെ 31(a) ആയും ശ്രീ.പ്രദീപ്.പി.എസ്-നെ 40(a) ആയും ശ്രീമതി.വി.കെ.ബിനുഗോപാൽ -നെ 47(a) ആയും ഉൾപ്പെടുത്താൻ അർഹതയുണ്ടെന്നു കാണുന്നു. ഇപ്രകാരം സീനിയോറിറ്റി പുനഃക്രമീകരിക്കുന്നതിൽ ബന്ധപ്പെട്ട കക്ഷികൾക്ക് ആക്ഷേപമോ / പരാതിയോ ഉണ്ടെങ്കിൽ ആയത് ഉന്നയിക്കാൻ സൂചന (5) പ്രകാരം നൽകിയ കത്തിന് ആരും തന്നെ ആക്ഷേപമൊന്നും ഉന്നയിക്കാത്ത സാഹചര്യത്തിലും, സൂചന (6) പ്രകാരം സർക്കാരിൽ നിന്നും, അനുമതി ലഭിച്ച സാഹചര്യത്തിലും താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉ ത്ത ര വ്

01.01.2010 മുതൽ 31.12.2010 വരെയുള്ള സീനിയർ ക്ലർക്കുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ശ്രീ.ജെയിംസ്.എം.വി -യെ 31(a) ആയും, ശ്രീ.പ്രദീപ്.പി.എസ്സ് -നെ 40(a) ആയും, ശ്രീമതി.വി.കെ.ബിനുഗോപാലിനെ 47(a) ആയും ഉൾപ്പെടുത്തി ഉത്തരവാകുന്നു.

| Sl No. | Name | Date of Birth | Educational Qualification | Date of promotion | Remarks |
|---|---|---|---|---|---|
| 31(a) | James.M.V | 04.04.1975 | B.Com, MOP, A/C(L) | 17.05.2010 | |
| 40(a) | Pradeep.P.S | 05.05.1973 | BA, MOP, A/C(L) | 14.07.2010 | |
| 47(a) | V.K.Binugopal | 31.05.1971 | B.Sc, MOP, A/C(L) | 15.11.2010 | |

ഒപ്പ്/-
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.**

സ്വീകർത്താവ്: -

1. ശ്രീ.ജെയിംസ്.എം.വി, പ്രോജക്ട് ഓഫീസ്, ആലപ്പുഴ.
2. ശ്രീ.പ്രദീപ്.വി.എസ്, ജില്ലാ വ്യവസായ കേന്ദ്രം, എറണാകുളം.
3. ശ്രീമതി.വിനുഗോപാൽ.വി.കെ, ജില്ലാ വ്യവസായ കേന്ദ്രം, പാലക്കാട്.

(നിയന്ത്രണാധികാരി മുഖേന).

പകർപ്പ്:-

1. പ്രോജക്ട് ഓഫീസർ, പ്രോജക്ട് ഓഫീസ് (കയർ), ആലപ്പുഴ.
2. ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, എറണാകുളം.
3. ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, പാലക്കാട്.
4. ഇ.എ സെക്ഷൻ / ഇ.സി സെക്ഷൻ.
5. സൂക്ഷിപ്പ് ഫയൽ / അധിക പകർപ്പ്.

ഉത്തരവിൻ പ്രകാരം,

Prasanna

സീനിയർ സൂപ്രണ്ട്.